"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2025-26 - അടിസ്ഥാന സൗകര്യ വികസനവും, വർക്ക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും നവീകരണവും എന്ന പദ്ധതിക്ക് 7.58 കോടി രൂപ റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.471/2025/TRANS തീയതി,തിരുവനന്തപുരം, 24-11-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 339/2025/ഗതാഗതം തീയതി 25.07.2025.
2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 01.09.2025 ലെ ബഡ്.1/7/2024-ഫിൻ. നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി.യിൽ അടിസ്ഥാന സൗകര്യവികസനവും, വർക്ക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും നവീകരണവും എന്ന പദ്ധതിക്ക്, 5055-00-190-99-01 (PV) ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ 38.70 കോടി രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി 12,33,47,347/- രൂപ 5055-00-190-99-01 (PV) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്ന് കെ.എസ്.ആർ.ടി.സി., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.2025-26 സാമ്പത്തിക വർഷം 5055-00-190-99 -01(പ്ലാൻ) ശീർഷകത്തിൽ, 38.70 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായ വർക്ക്ഷോപ്പുകളുടെ നവീകരണവും, അടിസ്ഥാന സൗകര്യ വികസനവും എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി 7.58 കോടി രൂപ (ഏഴ് കോടി അൻപത്തിയെട്ട് ലക്ഷം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തിൽ 5055-00-190-99-01 ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും, കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ 799012700002234 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(10-11-2025 തീയതിലെ നം. 3281126/ PU-A2/119/2025-FIN പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 3268351)

ഉത്തരവിൻ പ്രകാരം,
Signed by
Sudheesh C P
Date: 24-11-2025 12:11:37
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.